മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ബഹുമാനപ്പെട്ട രാജു എബ്രഹാം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ പത്തനംതിട്ട ജില്ലയിൽ നിയന്ത്രണാതീതമായ രീതിയിലുള്ള മോഷണം ഇല്ല. അദ്ദേഹത്തിന്റെ മണ്ഡലത്തിൽത്തന്നെ അറുന്നൂറോളം മോഷണമുണ്ടായി എന്നാണ് അദ്ദേഹം പറയുന്നത്. പക്ഷേ പോലീസ് റിപ്പോർട്ട് അനുസരിച്ച് ജില്ലയിലൊട്ടാകെ 153 മോഷണക്കേസുകളേ രജിസ്റ്റർ ചെയ്തിട്ടുള്ളൂ. ബാക്കി മോഷ്ടാക്കൾ ആരാണെന്ന് ബഹുമാനപ്പെട്ട മെമ്പർ പറയുകയാണെങ്കിൽ ഞാൻ അന്വേഷിക്കാൻ ഏർപ്പാട് ചെയ്യാം. ഇതിൽ 36 കേസിലെ പ്രതികളെ പിടികൂടിയിട്ടുണ്ട്. ബാക്കിയുള്ളവരെ പിടികൂടാൻ ശ്രമിക്കുകയാണ്. സ്ഥിരം കുറ്റവാളികളുടെ ലിസ്റ്റ് തയ്യാറാക്കി അവരെക്കൂടി പിടികൂടാൻ ശ്രമിക്കുന്നുണ്ട്. വർഷക്കാലമാണ് മോഷണം കൂടുന്നത്. അതുകൊണ്ട് ഗവൺമെന്റ് ഇത്തവണ കുറച്ചുകൂടി മുൻകരുതലുകൾ എടുക്കുന്നുണ്ട്. അറിയപ്പെടാത്ത കുറ്റവാളികളുടെ ലിസ്റ്റ് കയ്യിലുണ്ടെങ്കിൽ അത് എനിക്കുതന്നാൽ അതന്വേഷിക്കാൻ പ്രത്യേക ഏർപ്പാട് ചെയ്യാം.

(5) മലബാർ ക്രമ്പ് റബ്ബർ ഫാക്ടറി അടച്ചുപൂട്ടിയതിനാൽ റബ്ബർ കർഷകരും തൊഴിലാളികളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. സി. മോയിൻകുട്ടി: സർ, ലോകബാങ്കിന്റേയും നബാർഡിന്റേയും റബ്ബർ ബോർഡിന്റേയും സാമ്പത്തിക സഹായത്തോടുകൂടി 1983-ൽ ആരംഭിച്ചതാണ് എന്റെ മണ്ഡലത്തിലെ പുതുപ്പാടി പഞ്ചായത്തിലുള്ള മലബാർ ക്രമ്പ് റബ്ബർ ഫാക്ടറി. ഈ സ്ഥാപനം കോഴിക്കോട് ജില്ലാ സഹകരണ റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയാണ് മാനേജു ചെയ്ത് വരുന്നത്. കോഴിക്കോട് ജില്ലയിലെ റബ്ബർ കർഷകരുടെ ഒട്ടുപാലും കറയും എല്ലാം ന്യായമായി എടുക്കുന്ന ഈ സ്ഥാപനം നാലുവർഷമായി പൂട്ടിക്കിടക്കുകയാണ്. അതുകൊണ്ട് ആ പ്രദേശത്തെ റബ്ബർ കർഷകർ വളരെ ദുരിതത്തിലാണ്. നൂറോളം വരുന്ന തൊഴിലാളികൾ നിത്യദുരിതത്തിലും പട്ടിണിയിലുമാണ്. ഇത് അടിയന്തിരമായി തുറന്നു പ്രവർത്തിപ്പിക്കാൻ സത്വര നടപടി കൈക്കൊള്ളണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിന് വളരെയധികം പണം ഇൻഡസ്ട്രിയൽ സൊസൈറ്റി കൊടുക്കാനുണ്ട്. അതാണ് പ്രശ്നം. ജില്ലാ സഹകരണ ബാങ്കുമായി സംസാരിച്ച് എന്തെങ്കിലും ചെയ്യാൻ പറ്റുമോ എന്നുള്ളത് ആലോചിക്കാം.

(6) ബോർഡ് ഓഫ് എക്സാമിനേഷൻ പരീക്ഷയ്ക്ക് തയ്യാറെടുപ്പിക്കുന്ന സ്ഥാപനങ്ങളും ട്യൂഷൻ സെന്ററുകളും രജിസ്റ്റർ ചെയ്യണമെന്ന് നിർദ്ദേശം

ശ്രീ. വി. കെ. ചന്ദ്രൻ: സർ, കേരളത്തിലെ എഡ്യൂക്കേഷൻ സ്ഥാപനങ്ങളിൽ പഠനം നിഷേധിക്കപ്പെടുന്നവരെ സഹായിക്കുന്നതും, കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെയാകെ സഹായിക്കുന്നതുമായ പ്രീ-എക്സാമിനേഷന് തയ്യാറെടുപ്പിക്കുന്നതിനു സഹായിക്കുന്ന ട്യൂഷൻ സെന്ററുകൾ അവരുടെ വരുമാനത്തിന്റെ 8 ശതമാനം നികുതി, ഇങ്ങനെയുള്ള കേന്ദ്രങ്ങളെല്ലാം അടയ്ക്കണമെന്നും 250 രൂപവച്ച് രജിസ്റ്റർ ചെയ്യണമെന്നും കേന്ദ്ര നികുതി വകുപ്പ് നിർദ്ദേശിച്ചിരിക്കുകയാണ്. ഇത് കേരളത്തിലെ വിദ്യാഭ്യാസ മേഖലയെയാകെ

LIBRARY ARCHIVES Kerala Legislative Assembly